# പ്രതിരോധ പാഠങ്ങൾ

സി.അയ്യപ്പന്റെ കഥകളുടെ പഠനം

മുഖ്യധാരയിൽനിന്ന് മാറ്റിനിർത്തപ്പെട്ട ജനതയുടെജീവിതമാണ് സി. അയ്യപ്പൻ തന്റെ കഥാസമാഹാരത്തിൽ ആവിഷ്കരിക്കുന്നത്. (ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ -1986, ഞണ്ടുകൾ-2003). ജാതീയത അനുഭവിച്ച ജഡതയുടെ പ്രതിനിധികളിൽനിന്നുതന്നെയാണ് അതിനെതിരായുള്ള പ്രതിരോധം രൂപംകൊണ്ടത്. മലയാള കഥകളിൽ ടി.കെ.സി. വടുതലയ്ക്കുശേഷം കീഴാളജനപക്ഷത്തുനിന്ന് കഥയിലൂടെ സവർണ്ണനിലപാടുകളെ ചോദ്യംചെയ്ത കഥാകാരനാണ് സി. അയ്യപ്പൻ. ദളിത്ജീവിതത്തിന്റെ സവിശേഷമായ ആഖ്യാനവഴികളാണ് സി. അയ്യപ്പന്റെ കഥകൾക്ക് കരുത്ത് പകരുന്നത്. സോഷ്യലിസ്റ്റ് റിയലിസ്റ്റിന്റെ രീതിയിൽ എഴുതിയ ടി.കെ.സി.വടുതലയിൽനിന്നും വ്യത്യസ്തമായ രൂപഭാവങ്ങളിലാണ് സി. അയ്യപ്പന്റെ കഥകൾ പ്രവർത്തിക്കുന്നത്. 'ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ' എന്ന സമാഹാരത്തിലെ കഥകൾ നിശിതമായ പ്രതിരോധത്തിന്റെ ഭാഷ സൃഷ്ടിച്ചുകൊണ്ട് സവർണ്ണതയ്ക്കെതിരെ ആഞ്ഞടിക്കുന്നുണ്ട്. മലയാളത്തിലെ മറ്റൊരു കഥാകൃത്തും കാണാത്ത ആഖ്യാനവഴിയാണിത്. ആധുനികതയുടെ അവസാനമെഴുതിയ ഈ കഥാസമാഹാരം വേറിട്ട കാഴ്ചകളും സ്വപ്നങ്ങളും ഫാന്റസിയുംകൊണ്ട് സമ്പന്നമാണ്. ചിലപ്പോൾ ദുർഗ്രഹതയും ഈ കൃതിയിലുണ്ട്. സി. അയ്യപ്പന്റെ പ്രേതഭാഷണം, കാവൽഭൂതങ്ങൾ എന്നീകഥകളിൽ പ്രേതലോകമാണ് ഉള്ളത്. പ്രേതങ്ങൾ മനുഷ്യരുടെ അപരങ്ങളാണ്. ഈ കഥകളിൽ സമൂഹത്തിൽ അദൃശ്യരായ കഥാപാത്രങ്ങൾ ദൃശ്യതയിലേക്ക് വരുന്നത് പ്രേതരൂപികളായിട്ടാണ്.

പ്രമേയത്തിലും ഭാഷയിലും ഈ രചനകൾ പ്രതിലോമകരമായ സാഹിത്യത്തെ നിഷേധിക്കുന്നുണ്ട്. 'പ്രേതഭാഷണം' എന്ന കഥയിൽ സവർണ്ണബോധത്തെ കഥാകൃത്ത് ശക്തമായി ചോദ്യംചെയ്യുന്നുണ്ട്. പുലയസ്ത്രീയെ ജാതീയമായി തൊട്ടുകൂടാത്തവളായികാണുകയും എന്നാൽ അവളെ ലൈംഗികോപകരണമാക്കിമാറ്റുകയും ചെയ്യുന്ന മേലാളസമീപനത്തെ മരിച്ചവളുടെ പ്രേതത്തിന്റെ ഭാഷയിൽ ചോദ്യം ചെയ്യുന്നുണ്ട്. ഈ ചോദ്യങ്ങളൊക്കെ മേലാള നീതിബോധത്തിനെതിരാണ്. സവർണ്ണദൈവത്തോട് "ക്രിസ്ത്യാനിക്കെങ്ങനെയാ മൂപ്പിന്നേ പെലക്കള്ളി പെങ്ങളാകണത്" എന്ന്ചോദിക്കുന്നതിലൂടെ മേലാളന്റെ സമ്പ്രദായിക ധാർമ്മിക-നൈതിക വ്യവസ്ഥ പൊള്ളത്തരമാണെന്ന് തെളിയിക്കുകയാണ്.

പ്രേതങ്ങൾ പ്രതിരോധത്തിനും പ്രതികരണത്തിനുമുള്ള ഉപാധികളായിമാറുന്നുണ്ട്. സി. അയ്യപ്പന്റെതന്നെ വാക്കുകളിൽ: "ആത്മാഭിമാനത്തിനുവേണ്ടിയുള്ള കരച്ചിലും പല്ലുകടിയുമാണത്". ഭാഷയിലൂടെയുള്ള വിപ്ലവമാണ് സി. അയ്യപ്പൻ സാധിക്കുന്നത്. മരിച്ചയാൾക്ക് സ്വാതന്ത്ര്യത്തിന്റെ ചങ്ങലകൾ ബാധകമാവുകയില്ലല്ലോ. 'പ്രേതഭാഷണം', 'കാവൽഭൂതം', 'ഭൂതബലി' തുടങ്ങിയ കഥകളുടെ പ്രസക്തിയും ഇതുതന്നെയാണ്.

'കാവൽഭൂതം' എന്ന കഥയിൽ പാവപ്പെട്ട പെലക്കള്ളിപ്പെൺകുട്ടികളെ എന്തിനു വഴിപിഴപ്പിക്കുന്നുവെന്ന ചോദ്യത്തിന് ആളുകൾ ആട്ടിറച്ചി ഉണ്ടായാലും പശുവിറച്ചി വാങ്ങിക്കുന്നത് അതിനു വില കുറവായതുകൊണ്ടാണെന്ന് ഉത്തരം നൽകുന്നതിലൂടെ സവർണ്ണമനോഭാവം തുറന്നുകാട്ടുകയാണ് കഥാകൃത്ത്. മേലാളന്റെ ധാർമ്മികബോധത്തിന്റെ കാപട്യം വെളിവാക്കുകയാണിവിടെ. പുലയപ്പെണ്ണിന്റെ ശരീരത്തിന് മൂല്യമില്ലെന്നും അത് എളുപ്പം വശമാക്കാമെന്നുമുള്ള, വരേണ്യജനതയുടെ കാലങ്ങളായി ഉറച്ചുപോയ, വിശ്വാസത്തിന്റെ നേർക്കുള്ള പ്രഹരമാണിത്. പുലയപ്പെണ്ണിന് മേലാളന്റെ കാമസമ്പൂർത്തിക്ക് ഉതകുന്ന ശരീരമുണ്ടെന്ന കാരണത്താൽമാത്രം അവളെ സ്ത്രീയായി അംഗീകരിക്കുന്ന മേലാള മനോഭാവമാണിവിടെ ചോദ്യംചെയ്യപ്പെടുന്നത്.

സി. അയ്യപ്പന്റെ 'ഭൂതബലി' എന്ന കഥ ആൺമേൽക്കോയ്മയെ നേരിടുന്ന ദളിത്സ്ത്രീയുടെ നേർക്കാഴ്ചയാണ്. അച്ചടിഭാഷയിൽ സംസാരിക്കുകയും അശ്ലീലംകേട്ടാൽ ചെവിപൊത്തുകയുംചെയ്യുന്ന, നാട്ടിൽ അധഃകൃതവർഗ്ഗത്തിൽപ്പെട്ട ആദ്യത്തെ സ്കൂൾ അദ്ധ്യാപകനായ

കണ്ടങ്കോരൻ മാസ്റ്ററുടെ ഇളയമകളും കോളേജ് അദ്ധ്യാപികയുമായ രേവതിയുടെആത്മഭാഷണമാണ് 'ഭൂതബലി' ('തിരസ്കൃതരുടെ രചനാ ഭൂപടം', പേജ്-32) ദേവദാസ് മേനോൻ എന്ന വിവാഹിതന്റെ പ്രേമ മായിരുന്നു അവൾക്ക് നേരിടേണ്ടിവന്നത്. എന്നാൽ വളരെ വിദഗ്ധ മായി ആ പ്രേമത്തിൽനിന്ന് അവൾ തലയൂരുന്നു. എന്നാൽ അച്ഛന്റെ വിവാഹാലോചനയാണ് അവളെ കാത്തിരുന്നത്. തുടർന്ന് പ്രേതരൂ പിയായിമാറുന്നു അവൾ. അവളുടെ പ്രവൃത്തികൾ അച്ഛനെ തളർത്തു കയാണ്. തന്നെ വിവാഹംകഴിക്കാൻ കണ്ടെത്തിയ ചെറുപ്പക്കാരനെ ഉപദ്രവിച്ച് വലിച്ചിഴച്ച് കൊണ്ടുവന്നതിനുശേഷം വിവാഹത്തിനു പിന്നിലെ പൊള്ളത്തരങ്ങളെ അവൾ വിമർശിക്കുന്നു. പുരുഷമേ ധാവിത്തലോകത്തെ സ്ത്രീയുടെ സ്വാതന്ത്ര്യമില്ലായ്മയാണ് ഈ കഥ പറയുന്നത്. മലയാളത്തിലെ കാല്പനിക പ്രണയത്തിന് അന്യമായ മുഖമാണിത്.

'വേദി' എന്ന കഥയും ജാതീയതയുടെ കാപട്യമാണ് വർണ്ണി ക്കുന്നത്. 'കാവ്യനീതി' എന്ന കഥ പ്രണയത്തിന്റെ അറിയപ്പെടാ ത്ത തലങ്ങളാണ് അനാവരണംചെയ്യുന്നത്. ദളിത്ക്രൈസ്തവരുടെ സംഘർഷങ്ങളാണ് 'ചുവന്ന നാവ്' എന്ന കഥയിലുള്ളത്. 'ആന', 'അരുന്ധതീ ദർശനന്യായം' എന്നീ കഥകളും സവർണ്ണമേധാവിത്ത ത്തെ പരിഹസിക്കുന്നവയാണ്.

സി.അയ്യപ്പന്റെ ദേശമായ കീഴില്ലത്തെ കീഴാള അനുഭവങ്ങൾ അദ്ദേ ഹത്തിന്റെ കഥയിലുണ്ട്. ആഫ്രിക്കൻ കഥയിലെ മാന്ത്രികമായ അന്ത രീക്ഷം അദ്ദേഹത്തിന്റെകഥയിലുണ്ട്. 'പുലിയങ്കം' എന്ന കഥ ഇതിനു ദാഹരണമാണ്. നാട്ടുവാഴിത്തത്തിനെതിരെയുള്ള പ്രതിരോധമായി പുലിജന്മം കൈക്കൊള്ളുകയാണ് ഇതിലെ നായക കഥാപാത്രം. നളചരിതം കഥകളിയിൽ കാട്ടാളവേഷം അഭിനയിക്കാൻ വിസമ്മതി ക്കുന്ന കഥാപാത്രം സമൂഹത്തിലെ സവർണ്ണ വിശ്വാസങ്ങളെ തള്ളി പ്പറയുകയാണ് ചെയ്യുന്നത്. ദളിതന്റെ ഉള്ളിലുള്ള ആന്തരവൈരുദ്ധ്യ ങ്ങളും സി. അയ്യപ്പന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇത്തര ത്തിൽ പ്രമേയത്തിലും ഭാഷയിലും മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് സി.അ- യ്യപ്പൻ ചെറുകഥയിൽ കീഴാളന്റെ സ്വത്വപ്രതിഷ്ഠാപനം നടത്തുക യാണ് ചെയ്തത്. മലയാളചെറുകഥയിലെ കീഴാള പ്രതിരോധത്തിന്റെ കഥകളായി സി. അയ്യപ്പന്റെ കഥകൾ മാറുന്നത് ഇപ്രകാരമാണ്.

## സഹായക ഗ്രന്ഥങ്ങൾ

1. ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ, സി. അയ്യപ്പൻ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1986, നവംബർ.

2. ഞണ്ടുകൾ, സി.അയ്യപ്പൻ, ഡി.സി.ബുക്സ്, കോട്ടയം, 2003.

3. തിരസ്കൃതരുടെ രചനാ ഭൂപടം, സന്തോഷ് ഒ.കെ., മൈത്രി ബുക്സ്, തിരുവനന്തപുരം.

**വീണാഗോപാൽ വി.പി.**

അസി.പ്രൊഫസർ
മലയാളവിഭാഗം
മഹാരാജാസ് കോളേജ്
എറണാകുളം